(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന അമ്പലവയൽ കാർഷിക ഗവേഷണകേന്ദ്രത്തിൽ താൽക്കാലികമായി പണിയെടുക്കുന്ന എത്ര തൊഴിലാളികളുണ്ട്; ഇവർ എത്ര വർഷമായി പണിയെടുക്കുന്നവരാണെന്നറിയിക്കുമോ;

(ബി) ഈ ഗവേഷണ കേന്ദ്രത്തിൽ താൽക്കാലികമായി പണിയെടുക്കുന്ന തോട്ടം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) നാൽപത് (40). ഇവർ 1996-ൽ താൽക്കാലിക തൊഴിലാളികളായി തെരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെട്ടവരാണ്.

(ബി) റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. ഭാസ്കരൻ നമ്പ്യാർ കമ്മീഷന്റെ ശുപാർശ പ്രകാരം 1996-97 കാലഘട്ടങ്ങളിൽ നടത്തിയ തൊഴിലാളി തെരഞ്ഞെടുപ്പിൽ റാങ്ക് ലിസ്റ്റുകൾ റദ്ദാക്കിയെങ്കിലും ഇതിനെതിരെ വിവിധ ഫാമുകളിലെ തൊഴിലാളികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും സ്റ്റേ നേടുകയുമുണ്ടായി. ഈ പശ്ചാത്തലത്തിലാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട താൽക്കാലിക തൊഴിലാളികളെ നിയോഗിച്ചു വരുന്നത്. പ്രസ്തുത കേസുകളിൽ അവസാന തീർപ്പ് ഉണ്ടാകുന്നമുറയ്ക്ക് അമ്പലവയൽ കേന്ദ്രത്തിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

117 (1164) പഴവർഗ്ഗങ്ങളുടെ ഉൽപ്പാദനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ ആവശ്യം എത്രയാണ്;

(ബി) ഇതിൽ സംസ്ഥാനത്തുൽപ്പാദിപ്പിക്കാൻ കഴിയുന്നതെത്രയാണ്;

(സി) പഴവർഗ്ഗങ്ങളുടെ ഉൽപ്പാദനത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ കോർപ്പറേഷൻ വഹിക്കുന്ന പങ്കെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 10.64 ലക്ഷം ടൺ.

(ബി) 1997-98 ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 32.56 ലക്ഷം ടൺ പഴവർഗ്ഗങ്ങൾ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) പഴം പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്താണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ കോർപ്പറേഷൻ പ്രവർത്തിക്കുന്നത്.

118 (1165) ഔഷധച്ചെടി കൃഷി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly